(ഇ) കോൺട്രാക്ട് പുതുക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) ഇല്ല.

(ജി) "എഫ്"ലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

7 (421) മടക്കരയിൽ ഫിഷറീസ് ഡിസ്പെൻസറി അനുവദിക്കാൻ നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാട്ടൂൾ പഞ്ചായത്തിലെ മടക്കരയിൽ ഒരു ഫിഷറീസ് ഡിസ്പെൻസറി അനുവദിക്കണമെന്ന ആവശ്യം സർക്കാർ പരിഗണിക്കുമോ;

(ബി) ഈ പ്രദേശത്ത് ഫിഷറീസ് ഡിസ്പെൻസറി ആരംഭിക്കാൻ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(സി) ഇക്കാര്യം പരിശോധിച്ചു വരികയാണ്.

8 (422) അഴീക്കൽ ഫിഷറീസ് ഹൈസ്കൂൾ

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കൽ ഫിഷറീസ് ഹൈസ്കൂളിന് കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ തുക അനുവദിക്കണമെന്ന ആവശ്യം സർക്കാർ പരിഗണിക്കുന്നുണ്ടോ;

(ബി) പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ പഠനത്തിന് ആവശ്യമായ സ്കൂൾ എന്ന പൊതു പ്രാധാന്യം പരിഗണിച്ച് ഈ സ്കൂൾ കെട്ടിട നിർമ്മാണത്തിന് ആവശ്യമായ നാലര ലക്ഷം രൂപ അനുവദിക്കുമോ?

ഉത്തരം

(എ)&(ബി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

9 (423) ചെമ്മീൻ കുഞ്ഞുങ്ങളെ വളർത്തുന്നതിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ ചെമ്മീൻ കുഞ്ഞുങ്ങളെ വളർത്തുന്നതിന് എത്ര ഏക്കർ സ്ഥലമാണ് വിലയ്ക്ക് എടുത്തിട്ടുള്ളതെന്നും എന്നാണ് വിലയ്ക്ക് എടുത്തതെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly